പ്രസ്തുത പദ്ധതിക്ക് എ.ആർ.പി. യുടെ നോംസ് അനുസരിച്ച് ധനസഹായം ലഭ്യമാകില്ല. അതിനാൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി മറ്റേതെങ്കിലും ഏജൻസികളുടെ ധനസഹായത്തിനായി സമർപ്പിക്കുന്നതിന് അടുത്ത വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നതാണ്. എടച്ചേരി ശുദ്ധജലവിതരണ പദ്ധതി തിരുവള്ളൂർ, ആഴഞ്ചേരി, കോട്ടപ്പള്ളി എന്നീ വില്ലേജുകൾക്കായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ സബ്പ്രോജക്ടാണ്. 48 കിലോമീറ്റർ നീളത്തിലുള്ള വിതരണ ശൃംഖലകളിൽ സ്ഥാപിക്കുന്ന 111 ടാപ്പുകളിലൂടെ ശുദ്ധജല വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. പഞ്ചായത്തുകൾ ആവശ്യപ്പെട്ട പൊതുടാപ്പുകൾ സ്ഥാപിക്കുന്ന പണിയടക്കം ഈ പദ്ധതിയുടെ എല്ലാ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. മെയിൻ സ്കീമിൽ നിന്നും എടച്ചേരിയിലെ തലായിയിൽ നിർമ്മിച്ചിട്ടുള്ള സമ്പ് വരെ വെള്ളം എത്തിച്ചിട്ടുണ്ട്. കമ്മീഷൻ ചെയ്യുവാനുള്ള പണികൾ ധൃതഗതിയിൽ നടന്നു വരുന്നു. ഓഞ്ചിയം, പോറോട്ട്, എറാമല, തൂണേരി, നാദാപുരം എന്നീ വില്ലേജുകൾക്കായി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനപരിധിയിൽപ്പെടുന്ന പഞ്ചായത്തുകളാണ് തൂണേരിയും നാദാപുരവും. തൂണേരി പഞ്ചായത്തിലെ 22,200 പേർക്ക് 38.5 കി.മീ. നീളത്തിൽ സ്ഥാപിച്ചിട്ടുള്ള വിതരണ ശൃംഖലയിലൂടെ 90 പൊതുടാപ്പുകൾ വഴി ശുദ്ധജലം വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള പൊതുടാപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയടക്കം എല്ലാ ജോലികളും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായി തൂണേരിയിൽ നിർമ്മിച്ചിട്ടുള്ള സമ്പിലേക്ക് വെള്ളം എത്തിക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നാദാപുരം പഞ്ചായത്തിലെ 42 കി.മീ. നീളത്തിൽ സ്ഥാപിച്ചിട്ടുള്ള വിതരണം-ശൃംഖല വഴി 140 പൊതുടാപ്പുകളിലൂടെ ശുദ്ധജലം വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള പൊതുടാപ്പുകൾ സ്ഥാപിക്കുന്നതടക്കം എല്ലാ ജോലികളും പൂർത്തീകരിച്ച് പദ്ധതി ഇതിനോടകം ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. മരുതോങ്കര പഞ്ചായത്തിലെ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി 1989-ലാണ് ആരംഭിച്ചത്. ഈ പദ്ധതിയുടെ പശുക്കടവ് മേഖല നേരത്തെ കമ്മീഷൻ ചെയ്തിട്ടുണ്ട്. മുള്ളൻകുന്ന് മേഖലയ്ക്കുവേണ്ടിയുള്ള അഡീഷണൽ സ്രോതസ്സിന്റെ പണിയും പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജാനകിക്കാട് എന്ന സ്ഥലത്ത് നിർമ്മിച്ച പമ്പ്ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി 12.95 ലക്ഷം രൂപ വൈദ്യുതി ബോർഡിന് അടച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയാൽ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. പണികൾ നടന്നുവരുന്ന പദ്ധതികളിലെ പൈപ്പുലൈനിലുണ്ടായ പൊട്ടലുകൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. അത് ഘട്ടം ഘട്ടമായി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

12. ത്രിതല പഞ്ചായത്തുൾ വഴി ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ച തുക വിനിയോഗിക്കാൻ കഴിയാത്തതു സംബന്ധിച്ച്

ശ്രീ. പി.പി. തങ്കച്ചൻ: സർ, ജനകീയാസൂത്രണ പരിപാടി അനുസരിച്ച് അതിന്റെ നടത്തിപ്പിനെ സംബന്ധിച്ചുള്ള ചില പോരായ്മകളും വീഴ്ചകളും ചൂണ്ടിക്കാണിക്കാനാണ് ഈ സബ്മിഷനിൽ കൂടി ശ്രമിക്കുന്നത്. 1998-99 വർഷം 950 കോടി രൂപയാണ് ഈ ത്രിതല സംവിധാനം വഴി ജനകീയാസൂ

LIBRARY ARCHIVES Kerala Legislative Assembly

ത്രണ പദ്ധതിയുടെ ഭാഗമായി ചെലവഴിക്കാൻ പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുള്ളത്. എനിക്കു കിട്ടിയ കണക്കനുസരിച്ച് ഏതാണ്ട് 60% സംഖ്യ മാത്രമേ ഇതിനായി ചെലവഴിച്ചിട്ടുള്ളൂവെന്നാണ്. ആ 60% പോലും എനിക്ക് അറിയാൻ കഴിഞ്ഞിടത്തോളം ആക്ച്വൽ എക്സ്പെൻസസ് അല്ല. സംഖ്യ ചെലവഴിക്കാൻ വേണ്ടി ചെക്ക് എഴുതി ചില ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് മാറിയിരിക്കുന്നുവെന്നുള്ളതല്ലാതെ, അതുപോലെ ചില ഡിപ്പാർട്ടുമെന്റുകളിൽ ഡെപ്പോസിറ്റ് ചെയ്തുവെന്നല്ലാതെ അതിന്റെ ആക്ച്വൽ എക്സ്പെൻസസ് 50% ത്തിൽ താഴെ വരുകയുള്ളൂ എന്നുള്ളതാണ് സത്യം. അതിന്റെ അർത്ഥം എന്താണ്? 950 കോടി രൂപയുടെ മുഴുവൻ പ്രവർത്തനങ്ങൾ നടത്തേണ്ട സ്ഥലത്ത് ഏതാണ്ട് 450 കോടി അല്ലെങ്കിൽ 500 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നു പറഞ്ഞാൽ ഒന്നിൽ പകുതി സംഖ്യ ഏതാണ്ട് 400 കോടി രൂപ മുതൽ 500 കോടി രൂപവരെയുള്ള വികസന പ്രവർത്തനങ്ങൾ ഈ രാജ്യത്ത് നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് അതിന്റെ അർത്ഥം. ഈ ജനകീയാസൂത്രണ പരിപാടി നമ്മൾ വളരെയധികം കൊട്ടിഘോഷിക്കുന്ന ഒരു പദ്ധതിയാണ്. ഇതിന്റെ ഉദ്ദേശം എന്താണ്? വികസന പ്രവർത്തനങ്ങൾ യഥാകാലം ഭംഗിയായിട്ട് നടപ്പിലാക്കാൻ വേണ്ടി ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ വേണ്ടിയാണ് ഈ ജനകീയാസൂത്രണത്തിന് രൂപം കൊടുത്തിട്ടുള്ളത്. കഴിഞ്ഞ വർഷം ധാരാളം അപാകതകൾ പറ്റി. ഈ വർഷം ഈ അപാകതകൾ പരിഹരിക്കാം എന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ ഗവൺമെന്റിന് അത് പരിഹരിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കാനോ, നടപടിക്രമങ്ങൾ ആവിഷ്കരിക്കാനോ കഴിഞ്ഞില്ലായെന്നുള്ള ദു:ഖകരമായ സത്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നാട്ടിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങളുടെ ഒന്നിൽ പാതി ഈ കാരണങ്ങൾ കൊണ്ട് സ്തംഭിച്ചിരിക്കുകയാണ്. നടന്നിട്ടില്ല. ഈ പണം ലാപ്സാക്കാൻ പോകുകയാണ്. അതുകൊണ്ട് എന്റെ ഈ സബ്മിഷനിൽ കൂടി ഞാൻ ഉന്നയിക്കുന്ന പ്രധാനപ്പെട്ട രണ്ടാവശ്യങ്ങൾ (ഒന്ന്) എന്താണിതിന്റെ കാരണമെന്ന് ഗവൺമെന്റ് നിഷ്പക്ഷമായി അന്വേഷിച്ച് അതിന് പരിഹാരം കാണണം അല്ലെങ്കിൽ വരും വർഷങ്ങളിൽ ഇത് തന്നെ ആവർത്തിക്കും. വരും വർഷങ്ങളിൽ ഇത് ആവർത്തിക്കാതിരിക്കാൻ ആക്ച്വൽ ചെലവ് നടപ്പാക്കാത്ത സാഹചര്യം എങ്ങനെവന്നു ഇത് പദ്ധതി തയ്യാറാക്കുന്നതിൽ വന്ന വീഴ്ചയാണോ, ഉദ്യോഗസ്ഥൻമാരുടെ കുറവാണോ അതോ അതിനുള്ള സാങ്കേതികമായിട്ടുള്ള അനുവാദവും അഡ്നിമിസ്ട്രേറ്റീവ് സാംഗ്ഷനും ടെക്നിക്കൽ സാംഗ്ഷനും കിട്ടാനുള്ള ബുദ്ധിമുട്ടാണോ എന്താണ് ഇതിനുള്ള അപാതകയെന്ന് പരിശോധിച്ച് ഒരു ടൈം ബൗണ്ടായി ഈ പദ്ധതി മുന്നോട്ടുകൊണ്ടു പോകാൻ വേണ്ടി വളരെ ആസൂത്രിതമായി ഒരു പദ്ധതി തയ്യാറാക്കിയില്ലെങ്കിൽ വരുന്ന വർഷവും ഈ പാളിച്ചകൾ വരും. ഇത് ഡിപ്പാർട്ട്മെന്റുകൾ ചെയ്യേണ്ടത് അവിടെ നടക്കുന്നില്ല. ആ പണമാണ് ഇതിലേയ്ക്കു മാറ്റിയിട്ടുള്ളത്. അവിടെയൊന്നും പണി നടക്കുന്നില്ല. കൊടുത്ത പണം ചെലവഴിക്കാനും കഴിയുന്നില്ല. അതുകൊണ്ട് ഈ ഗുരുതരമായ വീഴ്ച ഇനി ആവർത്തിക്കാതിരിക്കാൻ വളരെ ഗൗരവമായി ഗവൺമെന്റ് ഈ കാര്യം ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരൊറ്റ ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. തിരുവനന്തപുരം കോർപ്പറേഷൻ ലക്ഷക്കണക്കിന് രൂപയുടെ 70% ചെലവഴിച്ചുവെന്നാണ് പത്രത്തിൽ വന്നിട്ടുള്ളത്. ലക്ഷക്കണക്കിന് രൂപ സ്പോർട്ട്സിന് - ഓരോ വാർഡിലും 50,000 രൂപ സ്പോർട്ട്സ് ഐറ്റംസ് വാങ്ങിച്ചുകൊടുക്കാൻ തീരുമാനിച്ചു അതിന്റെ ചെക്ക് എഴുതി വച്ചിരിക്കുകയാണ്. ചെലവഴിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ല. സാധനങ്ങൾ വാങ്ങിച്ചിട്ടില്ല. ട്രാഫിക്ക് പരിഷ്ക്കാരത്തിന് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചുവെന്നാണ് റിപ്പോർട്ട്. ഒരു പരിഷ്ക്കാരവും നടപ്പിൽ വരുത്തിയിട്ടില്ല. അതെല്ലാം ചെക്ക് എഴുതി മാറ്റിയിരിക്കുകയാണ്. അതു കൊണ്ട് ഇതിന്റെ പേരിൽ ഇതൊക്കെ ചെലവഴിച്ചുവെന്നുള്ള പൊള്ളയായ അവകാശവാദമാണ് ഈ പത്രത്തിൽ വന്നിട്ടുള്ളത്. അതിന്റെ നിജസ്ഥിതിയെ കുറിച്ച് ഗവൺമെന്റ് ഗൗരവമായി അന്വേഷിക്കണം. ഈ പാളിച്ച വരുംവർഷങ്ങളിൽ വരാൻ പാടില്ല ഇതിനൊരു പരിഹാരം കണ്ടെത്താൻ ടൈംബൗണ്ടായി ഈ പദ്ധതികൾ നടപ്പിലാക്കാൻ കർശനമായ നിർദ്ദേശം ഗവൺമെന്റ് കൊടുത്തില്ലെങ്കിൽ ഗുണം ചെയ്യാൻ പോയത് അവസാനം ദൃഷ്യമായിട്ടു വരും. ഈ രാജ്യത്ത് വികസന പ്രവർത്തനങ്ങൾ മുരടിച്ചു പോകാൻ ഇടവരുമെന്നുള്ള ഗൗരവ സ്ഥിതിവിശേഷം ഗവൺമെന്റ് ശ്രദ്ധിക്കണം.

മുഖ്യമന്ത്രിക്കു വേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ): സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1998-99 സാമ്പത്തിക വർഷം ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ 75 ശതമാനം മാത്രമേ 1999 മാർച്ച് 31-നു മുമ്പ് ചെലവഴിച്ചു തീർക്കേണ്ടതുള്ളൂ. 25% പിന്നീട് ചെലവാക്കിയാൽമതിയാകും. കേന്ദ്രാവിഷ്കൃത പദ്ധതികളിലും മറ്റും സ്വീകരിച്ച അതേ സമീപനം തന്നെയാണ് ജനകീയാസൂത്രണത്തിന്റെ കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്. ഇതുകൊണ്ട് പ്രത്യേകിച്ച് വികസന പ്രവർത്തനങ്ങളിൽ സ്തംഭനാവസ്ഥ ഉണ്ടായിട്ടില്ല. എത്ര തദ്ദേശഭരണസ്ഥാപനങ്ങൾ 75% പദ്ധതിവിഹിതം ചെലവഴിച്ചിട്ടുണ്ടെന്ന് കൃത്യമായ വിവരം ശേഖരിച്ചു വരുന്നതേയുള്ളൂ. മൊത്തത്തിൽ 65% തൊട്ട് 70% വരെ പദ്ധതി വിഹിതം കഴിഞ്ഞ സാമ്പത്തികവർഷം തന്നെ ചെലവഴിച്ചു കഴിഞ്ഞു എന്നാണ് മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സന്നദ്ധ പ്രവർത്തനമായും ഗുണഭോക്തൃ വിഹിതമായും സമാഹരിച്ച് ചെലവഴിച്ച സംഖ്യകൂടി കണക്കിലെടുത്താൽ പദ്ധതി വിഹിതമായി സർക്കാർ നൽകിയതിനേക്കാൾ എത്രയോ അധികം പണം തദ്ദേശ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടെന്നു കാണാൻ കഴിയും. അടുത്ത വാർഷിക പദ്ധതി 1999 ജൂൺ 10-നു മുമ്പ് ഗ്രാമപഞ്ചായത്തുകൾ അംഗീകാരം നൽകണമെന്നാണ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന് ചുരുങ്ങിയത് ഒൻപതു മാസമെങ്കിലും ലഭിക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. മൂന്നാം വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സമയബന്ധിതമായി തന്നെ തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. പദ്ധതികൾ, പ്രോജക്ട്, അപ്രൂവ് ചെയ്യുന്നത് വളരെ ലേറ്റാകുന്നതുകൊണ്ട് നമുക്ക് സമയബന്ധിതമായി നടത്താൻ കഴിയാത്തത്. അതുകൊണ്ട് 1999-2000-മാണ്ടിന്റെ ആനുവൽ പ്ലാൻ പ്രോജക്ട് ജൂൺ 10-ന് മുമ്പ് തന്നെ തയ്യാറാക്കി അയയ്ക്കണമെന്നാണ് നമ്മൾ നിർബന്ധിക്കുന്നത്. എന്നാൽ അവർക്ക് വരുന്ന വർഷം അതും സമയബന്ധിതമായി ചെയ്യാൻ കഴിയും. അതിന്റെ പിറ്റേ കൊല്ലം 31-3 അവസാനിക്കുന്നതിനു മുമ്പായി പ്ലാൻ പ്രോജക്ട്സ് കിട്ടണം. 1999-2000-ന്റെ ആനുവൽ പ്ലാൻ ഇന്ന് കേന്ദ്ര ഗവൺമെന്റ് ചർച്ച നടത്തുന്നതേയുള്ളൂ. നമ്മുടെ പ്ലാൻസൈസിനെ സംബന്ധിച്ച് ഇന്നിപ്പോൾ ചർച്ച നടക്കുകയാണ്. ഏപ്രിൽ തൊട്ടുള്ള പ്ലാനിനെ സംബന്ധിച്ച് ഇപ്പോഴാണ് ചർച്ച നടക്കുന്നത്. ഇന്ന് മുഖ്യമന്ത്രി പോയിട്ടുണ്ട്. ധനകാര്യമന്ത്രിയെന്നുള്ള നിലയിൽ ഞാനും പോകേണ്ടതാണ്. അസംബ്ലി ഉള്ളപ്പോൾ രണ്ടാളും കൂടി ഒരുമിച്ച് പോകേണ്ടെന്നു വിചാരിച്ചാണ് ഞാൻ ഇവിടെ ഉള്ളത്. ആനുവൽ പ്ലാനിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച ഡിസ്കഷൻ വളരെ വൈകി. അത് ശരിക്കും 31-3-നു മുമ്പ്, ഫെബ്രുവരിയിൽ നടക്കേണ്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി): ധനകാര്യമന്ത്രി പ്ലാൻ ഡിസ്കഷന് പോകേണ്ടതല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ: മുഖ്യമന്ത്രി പോയിട്ടുണ്ട്. ധനകാര്യമന്ത്രി അതിനുവേണ്ട എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ധനകാര്യമന്ത്രിയും പോകേണ്ടതാണ്. പക്ഷേ അസംബ്ലിയിൽ ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും ഉണ്ടാകാതിരിക്കരുതെന്നുള്ളതുകൊണ്ടാണ്. ഏതായാലും ഇപ്പോഴാണ് ആ ഡിസ്കഷൻ നടക്കുന്നത്. തലേ കൊല്ലം തന്നെ എല്ലാം നടക്കുന്ന ഒരു സ്ഥിതിവിശേഷം. അവിടെ ഉള്ളവർ ഒക്കെ ഭരണമന്ത്രിമാരായിരുന്നു. പ്രമുഖരാണ്. അവർക്കൊക്കെ അറിയാം. ഫെബ്രുവരി മാസത്തിൽ പ്ലാൻ ഡിസ്കഷൻ നടക്കും. എന്നിട്ട് ഏപ്രിൽ തൊട്ടാണ് പ്ലാൻ. ഇപ്പോൾ ഏപ്രിൽ കഴിഞ്ഞ് ഇത്രയായിട്ടും ഇപ്പോഴാണ് ഡിസ്കഷൻ നടക്കുന്നത്. നമ്മുടെ പ്ലാൻ ഔട്ടല്ലേ. എത്രയെന്ന് മനസ്സിലാകാൻ ഡിസ്കഷൻ ഇന്നാണ് നടക്കുന്നത്. ഏതാണ്ട് നമുക്കൊരു കണക്കുണ്ട്. ആ കണക്കു വച്ച് ബഡ്ജറ്റിൽ 3250 കോടി രൂപയുടെ പ്ലാൻ എക്സ്പെൻഡിച്ചർ നമ്മൾ കാണിച്ചിട്ടുണ്ട്. എത്രയാണ് വരികയെന്നുള്ളത് പറയാൻ കഴിയില്ല. അതുകൊണ്ട് ഈ പ്രവർത്തനം, ജനകീയാസൂത്രണം. നമ്മുടെ ഒരു പരീക്ഷണമാണ്. ഇതിന്റെ തുടക്കത്തിൽ കുറെ പ്രശ്നങ്ങൾ ഉണ്ടാകും. ആ പ്രശ്നങ്ങൾ ഓരോന്നായി പരിഹരിച്ച് കഴിഞ്ഞ കൊല്ലത്തേക്കാൾ ബെറ്ററായി ഇപ്പോൾ നടക്കും. അങ്ങനെ രണ്ടോ, മൂന്നോ ആയി railing -ൽ ശരിക്കും കയറി കഴിഞ്ഞാൽ-ബാലാരിഷ്ടതകൾ എല്ലാവർക്കുമില്ലേ. ഇപ്പോൾ, ഞാനൊരു കാര്യം പറയുകയാണ്. സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പ് സ്കൂളിൽ പഠിക്കുന്ന കാലത്ത് വീട്ടിലുള്ളവരും വേറെയുള്ളവരുമൊക്കെ പറഞ്ഞു തന്നിരുന്നു, വലിയ പ്രമാണിമാരൊക്കെ അടുത്തുണ്ടായിരുന്നു, അവർ പറഞ്ഞിരുന്ന സായിപ്പു പോയാൽ ഇവിടെ ഭരിക്കാൻ ആരുണ്ട്, ഒറ്റയ്ക്ക് നമുക്ക് ഭരിക്കാൻ അറിയുമോ? അതിന് വെള്ള, വെള്ള തന്നെ വേണമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ ഏതാണ്ട് അതുപോലെയാണിത്. പഞ്ചായത്തിനും മറ്റും കൊടുത്താൽ അവർക്ക് അതുപോലെയാണിത്. പഞ്ചായത്തിനും മറ്റും കൊടുത്താൽ അവർക്ക് ഭരിക്കാൻ പറ്റുമോ? അതുപറയുന്നതു കേൾക്കുമ്പോൾ, ഞാൻ പണ്ടു കൊച്ചായിരിക്കുമ്പോൾ കേട്ട ഓർമ്മയാണ് തോന്നുന്നത്. ഭരിക്കാൻ ആദ്യം വിഷമമുണ്ടാകും. നമ്മളൊക്കെ ഭരണത്തെക്കുറിച്ച് പഠിച്ചിട്ടാണോ ഭരിക്കുന്നത്? പക്ഷേ അവിടെ ഭരണത്തെക്കുറിച്ച് പഠിക്കാൻ ഒരു കോളേജും ഇല്ല. അതാണ് പറയുന്നത്.

ശ്രീ. പി.പി. തങ്കച്ചൻ: ഒരു തെറ്റിദ്ധാരണയുണ്ടാകരുത്. ഞാൻ പറയുന്നത് ഈ പോരായ്മ കണക്കിലെടുത്തിട്ട് ഇനി വരുന്ന വർഷങ്ങളിൽ സംഭവിക്കാതിരിക്കാൻ വേണ്ടി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണം. കാരണം ഒന്നിനും പണം ചെലവഴിച്ചിട്ടില്ല. ആ പണം ഇനി എന്ത് ചെയ്യാൻ കഴിയും?

മി. സ്പീക്കർ: അതാണ് അദ്ദേഹം പറഞ്ഞത്. പോരായ്മകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടു പോവുകയാണ്.

ശ്രീ. പി.പി. തങ്കച്ചൻ: ആ പണം ഇനി എന്ത് ചെയ്യാൻ കഴിയും? ബാക്കി പണം നഷ്ടപ്പെട്ടില്ലേ? 400 കോടി രൂപയുടെ വികസനം ഈ സംസ്ഥാനത്തിന് നഷ്ടപ്പെട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly